## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2776 — 06-11-2019-ലെ മറുപടി

**അണക്കെട്ടുകളിൽ നിന്നും മണലും ചെളിയും നീക്കം ചെയ്യുന്നതിന് നടപടി**

ചോദ്യം

ശ്രീ.എ.പ്രദീപ്കുമാർ
ശ്രീ.കെ. ആൻസലൻ
ശ്രീ.സി. കെ. ശശീന്ദ്രൻ
ശ്രീ.പി.കെ. ശശി

മറുപടി

കെ. കൃഷ്ണൻകുട്ടി
ജലവിഭവ വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ജലസേചനവകുപ്പിന്റെ അധീനതയിലുള്ള അണക്കെട്ടുകളിൽ നിന്നും മണലും ചെളിയും നീക്കം ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഡാമുകളിൽ അടിഞ്ഞുകൂടി കിടക്കുന്ന എക്കലിന്റെ അളവ് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; | ബി) | ഉണ്ട്. മംഗലം, ചുള്ളിയാർ ഡാമുകളിൽ അടിഞ്ഞുകൂടി കിടക്കുന്ന എക്കലിന്റെ അളവ് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. |
| സി) | അണക്കെട്ടുകളിൽ നിന്നും മണലും ചെളിയും നീക്കംചെയ്യുന്നതിന് അനുമതി നൽകുന്നതിനായി സർക്കാർ ഒരു ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ടോ; | സി) | ഉണ്ട്. |
| ഡി) | ചെളിയും മണലും നീക്കം ചെയ്താൽ ഡാമുകളിൽ കൂടുതൽ ജലം സംഭരിക്കാൻ സാധിക്കുമെന്നതിനാലും ഇപ്രകാരം ലഭിക്കുന്ന മണൽ അസംസ്കൃത വസ്തുക്കൾക്ക് ദൗർലഭ്യം നേരിടുന്ന നിർമ്മാണ മേഖലയിൽ ഉപയോഗപ്പെടുത്താൻ സാധിക്കുമെന്നതിനാലും പ്രസ്തുത നടപടികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ? | ഡി) | നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ